ഹദീസ്

**കെ.സി.സലീം കരിങ്ങനാട്**
kckaringanad@gmail.com

# സ്വവർഗരതിയെന്ന മഹാപാപം

عَنْ جَابِر رَضِيَ اَللَّهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ صلى الله عليه وسلم : إِنَّ أَخْوَفَ مَا أَخَافُ عَلَى أُمَّتِي مِن عَمَلِ قَوْمِ لُوطٍ (رواه ابن ماجة والترمذى)

**ജാബിറി(റ)ൽനിന്ന്. നബി (സ) പറഞ്ഞു: ''എന്റെ സമൂഹത്തിന്റെ കാര്യത്തിൽ ഞാനേറ്റവുമധികം ഭയപ്പെടുന്നത് ലൂത്വിന്റെ സമുദായത്തിന്റെ പ്രവൃത്തിയാണ്'' (ഇബ്നുമാജ, തിർമിദി).**

സ്വവർഗരതിയെന്ന നീചവൃത്തിയുടെ ഗൗരവത്തെ കുറിക്കുന്നതാണ് ഈ നബിവചനം. സ്വവർഗരതി ഒരു ക്രിമിനൽ കുറ്റമല്ലെന്നും, നിയമവിധേയമാണെന്നും കോടതി വിധിച്ച സാഹചര്യത്തിൽ ഇതുപോലുള്ള ഹദീസുകൾ ഏറെ പ്രസക്തമാണ്. സ്വവർഗരതിയെന്നത് മുൻകഴിഞ്ഞുപോയ ഒരു ജനതയെ തൂത്തെറിഞ്ഞ മഹാപാപം കൂടിയാണ്. ലൂത്വ് ജനതയുടെ ദുഷ്പ്രവൃത്തി ചെയ്യുന്ന ഏതൊരുത്തനെയും അല്ലാഹു ശപിച്ചിരിക്കുന്നുവെന്ന് ഒരിക്കൽ പ്രവാചകൻ (സ) പറയുകയുണ്ടായി. ഇത് മൂന്ന് പ്രാവശ്യം ആവർത്തിച്ചു പറയുന്നുണ്ട് നബി (സ). അത്രത്തോളം ഗൗരവതരമായ സമീപനമാണ് ഈ വിഷയത്തിൽ ഇസ്‌ലാം വെച്ചുപുലർത്തുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു: ''ലൂത്വിനെയും നാം നിയോഗിച്ചു. അദ്ദേഹം തന്റെ ജനത്തോട് പറഞ്ഞതോർക്കുക; നിങ്ങൾക്കു മുമ്പ് ലോകരിലാരും ചെയ്തിട്ടില്ലാത്ത നീചവൃത്തിയിലാണോ നിങ്ങളേർപ്പെട്ടിരിക്കുന്നത്? നിങ്ങൾ സ്ത്രീകളെ ഒഴിവാക്കി ഭോഗേച്ഛയോടെ പുരുഷന്മാരെ സമീപിക്കുന്നു. അല്ല, നിങ്ങൾ കൊടിയ അതിക്രമികൾ തന്നെ'' (*അൽ അഅ്റാഫ്*: 80-81). ലൂത്വ് നബിയുടെ ജനതയെ ദൈവശിക്ഷക്ക് വിധേയമാക്കിയ ദുഷ്പ്രവൃത്തിയെ സംബന്ധിച്ചാണ് ഖുർആൻ ഇവിടെ സൂചിപ്പിക്കുന്നത്. ലൂത്വ് സമുദായത്തിന്റെ തന്നെ വിശേഷണവും പ്രതിനിധാനവും ഈയൊരു കുറ്റകൃത്യമാണ്. എത്ര വലിയ താക്കീതുകൾ നൽകിയിട്ടും ആ ജനത അതിൽനിന്ന് പിന്മാറാൻ തയാറായില്ല എന്നതാണ് വസ്തുത. ആധുനിക പാശ്ചാത്യ നാഗരികതയും ഈയൊരു മഹാപാപത്തെ ഏറ്റെടുക്കുകയാണ് ചെയ്തതെന്നത് വിരോധാഭാസമാണ്. പല രാജ്യങ്ങളിലെയും നിയമനിർമാണസഭകൾ വരെ ഈ നീചവൃത്തിക്ക് തണലേകുകയാണ് ചെയ്തത്. സന്താനോൽപ്പാദനവും വംശനിലനിൽപ്പും പ്രദാനം ചെയ്യാത്ത സ്വവർഗരതി തികച്ചും പ്രകൃതിവിരുദ്ധമാണെന്ന് സുതരാം വ്യക്തമാണ്. മനുഷ്യനിൽനിന്നു തന്നെ ദൈവം ഇണകളെ സൃഷ്ടിച്ചത് പുതിയൊരു സാമൂഹികക്രമത്തെ കെട്ടിപ്പടുക്കുന്നതിനു വേണ്ടിയാണ്. ആ സാമൂഹികക്രമം ഉന്മൂലനം ചെയ്യുകയാണ് യഥാർഥത്തിൽ സ്വവർഗരതി. സ്ത്രീയുടെയും പുരുഷന്റെയും ശാരീരിക-മാനസികഘടന ഇരുവരുടെയും ദാമ്പത്യലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ പാകത്തിൽ സൃഷ്ടിക്കപ്പെട്ടവയാണ്. സ്വവർഗരതി ഒരിക്കലും മാനുഷികമോ, പ്രകൃതിക്കിണങ്ങിയതോ അല്ല. ഇസ്‌ലാമിക ശരീഅത്ത് അതിനെ സാധൂകരിക്കുന്നുമില്ല. ഇസ്‌ലാമിക ശരീഅത്ത് മനുഷ്യനന്മയാണ് ലക്ഷ്യമിടുന്നത്. അതിനു വേണ്ടിയാണ് നിലകൊള്ളുന്നതും. ശാരീരിക പ്രത്യാഘാതങ്ങളുണ്ടാക്കുന്നവയെ തടുക്കുകയാണ് ഇസ്‌ലാമിക ശരീഅത്ത് ചെയ്യുന്നത്. ചരിത്രത്തെ മറന്നുകൊണ്ട് മനുഷ്യൻ തന്നിഷ്ടം കാണിക്കുന്നതും, അതോടൊപ്പം സാമൂഹിക അരാജകത്വം അരങ്ങുവാഴാൻ ഹേതുവാക്കുന്ന നിയമവ്യവസ്ഥകളെ കൂട്ടുപിടിക്കുന്നതുമാണ് ഈ നാടിന്റെ ശാപം. ലോകത്ത് ധാരാളം സ്ത്രീകളുണ്ടായിട്ടും ലൈംഗികവികാരം ശമിപ്പിക്കുന്നതിന് പുരുഷന്മാർ പുരുഷന്മാരെ മാത്രം സമീപിക്കുന്ന ഒരു ജനത ലൂത്വ് നബിയുടെ ജനതക്കു മുമ്പ് കഴിഞ്ഞുപോയിട്ടില്ലെന്ന് ഖുർആൻ പറയുന്നുണ്ട്. വികാരപൂർത്തീകരണത്തിനു വേണ്ടി ദൈവം സൃഷ്ടിച്ചുതന്നിട്ടുള്ള ഇണകളെ ഉപേക്ഷിച്ച് നിങ്ങൾ പ്രകൃതിവിരുദ്ധമായ മാർഗങ്ങൾ ഉപയോഗിക്കുകയാണോ എന്നും ഖുർആൻ ചോദിക്കുന്നു. ചരിത്രം വെറുതെ വായിച്ച് ഊറ്റം കൊള്ളാനോ അയവിറക്കാനോ ഉള്ളതല്ല. അതിൽനിന്ന് ഒരുപാട് പാഠങ്ങൾ പഠിക്കാനുണ്ട്. ചരിത്ര പഠനത്തിൽ അശ്രദ്ധരാവുകയും, അത്തരം തിന്മകളിലേക്ക് നയിക്കുന്ന തരത്തിൽ സാഹചര്യം പാകപ്പെടുകയുമാണെങ്കിൽ, ഘോര നാശം വിളിപ്പുറത്തുണ്ടെന്ന് താക്കീതു ചെയ്യാനേ നിവൃത്തിയുള്ളൂ. ●